"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അരിപ്പ ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന പോലീസ് വകുപ്പിലെ ഹവീൽദാരായ ശ്രീ.സത്യദാസ്.വി.എസ്, ഹെഡ് കോൺസ്റ്റബിൾ ശ്രീ.ഷൈനാസ്.ഒ എന്നിവരുടെ അന്യത്ര സേവനകാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.485/2024/F&WLD    തീയതി, തിരുവനന്തപുരം, 11-11-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.427/2022/വനം തീയതി 10.10.2022.
2. സ.ഉ(സാധാ)നം.131/2024/വനം തീയതി 13.03.2024.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 15.10.2024- തീയതിയിലെ ഇ7- 2752/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അരിപ്പ ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രെയിനിങ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പോലീസ് വകുപ്പിലെ ഹവീൽദാരായ ശ്രീ.സത്യദാസ്.വി.എസ് [PEN:638415], ഹെഡ് കോൺസ്റ്റബിൾ ശ്രീ.ഷൈനാസ്.ഒ [PEN: 188430] എന്നിവരെ ഒരു വർഷത്തേക്ക് നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി പരാമർശം (1) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. പരാമർശം (2) പ്രകാരം ഒരു വർഷത്തേക്ക് കൂടി ഇവരുടെ അന്യത്ര സേവന കാലം ദീർഘിപ്പിച്ച നൽകിയിരുന്നു. നിലവിലെ അന്യത്രസേവന കാലാവധി 09.10.2024 - ൽ അവസാനിച്ചതിനാൽ, 10.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ഇവരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനായുള്ള ശിപാർശ പരാമർശം (3) കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അന്യത്രസേവനം ദീർഘിപ്പിച്ച നൽകുന്നതിനായുള്ള ജീവനക്കാരുടെ അപേക്ഷ, മാതൃവകുപ്പിന്റെ നിരാക്ഷേപ പത്രം എന്നിവ ശിപാർശയോടൊപ്പം

ഉള്ളടക്കം ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുടെ പരാമർശം (3 ) കത്തിലെ ശിപാർശ പരിഗണിച്ച്, അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇൻസ്ട്രക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്ന പോലീസ് വകുപ്പിലെ ഹവീൽദാർ ശ്രീ.സത്യദാസ് വി.എസ് [PEN:638415], ഹെഡ് കോൺസ്റ്റബിൾ ശ്രീ.ഷൈനാസ്.ഒ [PEN: 188430] എന്നിവരുടെ അന്യത്ര സേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി 10.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീത എസ് ലക്ഷ്മി

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മുഖേന ).

ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ, തിരുവനന്തപുരം, 691541.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 12-11-2024 11:24:48
സെക്ഷൻ ഓഫീസർ